LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ ദുരിതബാധിതർ

103 (3535) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൻഡോസൾഫാൻ ദുരിതബാധിതരായ എത്ര പേർ നാളിതുവരെ മരണപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്ര പേരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; രോഗബാധിതരിൽ എത്ര പേർക്ക് ഇപ്പോഴും തുടർ ചികിത്സ നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

നാളിതുവരെയായി എൻഡോസൾഫാൻ ദുരിതബാധിതരായ 1109 പേർ മരണപ്പെട്ടിട്ടുണ്ട്. മരണപ്പെട്ടവരിൽ 667 പേർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ചികിത്സയും തുടർ ചികിത്സയും ആവശ്യമായി വരുന്നമുറയ്ക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. ജില്ലയിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, ആയുർവ്വേദ, ഹോമിയോ മെഡിക്കൽ കോളേജുകൾ, വിദഗ്ധ ചികിത്സ നൽകാനായി എംപാനൽ ചെയ്യപ്പെട്ട സ്വകാര്യ മേഖല ഉൾപ്പെടെയുള്ള 17 ആശുപത്രികൾ, എന്നീ സ്ഥാപനങ്ങൾവഴിയാണ് എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ചികിത്സ നൽകിവരുന്നത്.

ചിക്കൻപോക്സിനെ പ്രതിരോധിക്കാൻ നടപടി

104 (3536) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിക്കൻപോക്സിനെ പ്രതിരോധിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ചിക്കൻപോക്സ് ബാധിക്കുന്ന കുട്ടികൾക്ക് മൃമോണിയയെ പ്രതിരോധിക്കാൻ ആരോഗ്യവകുപ്പിൽ നിന്നും വൈറ്റമിൻ 'എ' വിതരണം നടത്തുന്നുണ്ടോ ;

(സി) കഴിഞ്ഞ ആറുമാസക്കാലമായി സംസ്ഥാനത്ത് വൈറ്റമിൻ 'എ'യുടെ വിതരണം നിലച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?